പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 110.

20/01/2014 -ൽ മറുപടിക്ക്

## ഭൂമി രജിസ്ട്രേഷന് ന്യായവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>,, ബി. സത്യൻ<br>,, കെ. കെ. നാരായണൻ<br>,, പുരുഷൻ കടലുണ്ടി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | എല്ലാ വില്ലേജുകളിലും ഭൂമി രജിസ്ട്രേഷന് ന്യായവില നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | എ) | ഇല്ല. സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിച്ച് വിജ്ഞാപനം ചെയ്തപ്പോൾ ചില വില്ലേജുകൾ വിട്ടുപോയിട്ടുണ്ട്. |
| ബി) | ന്യായവില നിശ്ചയിച്ചിട്ടില്ലാത്ത വില്ലേജുകളിൽ അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ബി) | ഉണ്ട്. |
| സി) | ഭൂമിക്ക് ന്യായവില നിശ്ചയിച്ചി ട്ടില്ലാതിരുന്ന കാലത്ത് ന്യായ വിലയിൽ കുറച്ച് ഭൂമി രജിസ്റ്റർ ചെയ്തതിന്റെ പേരിൽ കോമ്പൗണ്ടിംഗ് ഫീസ് സമാഹരിക്കുന്നുണ്ടോ; | സി) & ഡി) | 25/8/2012-ലെ ജി.ഒ.(പി)നം.151/ 2012/റ്റിഡി.(എസ്.ആർ.ഒ. നമ്പർ 600/2012) പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കോമ്പൗണ്ടിംഗ് പദ്ധതി അനുസരിച്ച്, കുറവ് രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നില്ല. എന്നാൽ, 1986 മുതൽ 31.3.2012 വരെ കുടിശ്ശികയുള്ള അണ്ടർവാല്യുവേഷന് വിധേയമായിട്ടുള്ള ആധാരങ്ങളിൽ കോമ്പൗണ്ടിംഗ് പദ്ധതി പ്രകാരം ആശ്വാസനിരക്കിലുള്ള കുറവ് മുദ്രവില മാത്രം ഈടാക്കിവരുന്നു. |
| ഡി) | രണ്ടു പതിറ്റാണ്ടുകൾക്ക് മുമ്പു വരെ രജിസ്ട്രേഷൻ നടത്തിയ ഭൂമിക്കുപോലും ഇപ്പോൾ അധിക രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ടോ ; | | |
| ഇ) | കേവലം സെന്റുകൾ മാത്രം രജിസ്റ്റർ ചെയ്തവരിൽ നിന്നുപോലും കോമ്പൗണ്ടിംഗ് പദ്ധതിയുടെ ഭാഗമായി അധിക ഫീസ് ഈടാക്കുന്നുണ്ടോ ; | ഇ) | പഞ്ചായത്ത് പ്രദേശങ്ങളിൽ 5 സെന്റിൽ താഴെ വിസ്തൃതിയുള്ള ഭൂമിയുടെ ആധാരങ്ങളെ അണ്ടർ വാല്യുവേഷൻ നടപടിയിൽനിന്ന് |

പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. 5 സെന്റിന് മുകളിലുള്ള പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമിയും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ പരിധി നിശ്ചയിക്കാതെ എല്ലാത്തരം ഭൂമിയും ഉൾപ്പെടുന്ന ആധാരങ്ങൾക്ക് 1000 രൂപ മുതൽ 12000 രൂപ വരെ, വിവിധ സ്ലാബുകളിൽ, ആശ്വാസ നിരക്കിലുള്ള കുറവ് മുദ്രവില മാത്രം ഈടാക്കിവരുന്നു.

എഫ്) വർഷങ്ങൾക്ക് മുമ്പുള്ളതും ചെറിയ അളവിൽ വസ്തു കൈമാറ്റം നടത്തിയതുമായ കർഷകരെ കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;
രജിസ്ട്രേഷൻ ഫീസിനത്തിൽ
മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം ലഭിച്ച വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ; മുൻവർഷത്തെയും ഈ വർഷത്തെയും വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ?

എഫ്) പഞ്ചായത്തു പ്രദേശങ്ങളിൽ അഞ്ചു സെന്റിൽ താഴെ വിസ്തൃതിയുള്ള ഭൂമിയുടെ ആധാരങ്ങളെ അണ്ടർ വാല്വേഷൻ നടപടികളിൽനിന്ന് പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. ഇതല്ലാതെ, കർഷകർ ഉൾപ്പെടെ ഏതെങ്കിലും വിഭാഗത്തെ അണ്ടർ വാല്വേഷൻ നടപടികളിൽ നിന്ന് ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. രജിസ്ട്രേഷൻ ഫീസിനത്തിൽ 12.1 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2012-2013 സാമ്പത്തിക വർഷം ഡിസംബർ വരെ 539.43 കോടി രൂപയും, 2013-14 സാമ്പത്തിക വർഷം ഇതേ കാലയളവിൽ 551.53 കോടി രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ സമാഹരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.